## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3628 15.07.2015-ൽ മറുപടിക്ക്**

## അർബൻ ഇ ൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് സ്കീം ഫോർ സ്മാൾ & മീഡിയം ടൗൺസ് (UIDSSMT)

| ചോദ്യം<br>ശ്രീ.എം. ഹംസ | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|---|
| എ) ഒറ്റപ്പാലം നിവാസികളുടെ കുടിവെള്ള വിതരണ പദ്ധതിയായ അർബൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ് മെന്റ് സ്കീം ഫോർ സ്മാൾ & മീഡിയം ടൗൺസ് (UIDSSMT) -ന്റെ കാലിക സ്ഥിതി വിശദമാക്കുമോ;<br>ബി) പ്രസ്തുത പദ്ധതിയുടെ ഏതെല്ലാം ഘടകങ്ങളുടെ നിർമ്മാണ പ്രവർത്തനം ആണ് പൂർത്തിയായത്; | (എ) & (ബി) | ഒറ്റപ്പാലം അർബൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ് മെന്റ് സ്കീം ഫോർ സ്മാൾ & മീഡിയം ടൗൺസ് (UIDSSMT) ശുദ്ധജലവിതരണപദ്ധതിയുടെ ആകെയുള്ള ആറ് ഘടകങ്ങളിൽ തടയണ ഒഴികെ എല്ലാ ഘടകങ്ങളുടെയും പണികൾ പൂർത്തീകരിച്ചു കഴിഞ്ഞു. പമ്പ് ഹൗസുകളിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കാനുണ്ട്. പ്രസ്തുത പദ്ധതിയുടെ ഘടകങ്ങളായ ജലശുദ്ധീകരണശാല, റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, റോ വാട്ടർ ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ സ്ഥാപിക്കൽ വിതരണ ശൃംഖല സ്ഥാപിക്കൽ ട്രാൻസ് ഫോർമർ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | പ്രധാന പമ്പ് ഹൗസിലേക്കുള്ള വൈദ്യുത കണക്ഷൻ ലഭ്യമാക്കിയോ; വിശദാംശം നൽകാമോ; | (സി) | പ്രധാന പമ്പ് ഹൗസിൽ പമ്പ് സെറ്റ് സ്ഥാപിച്ചെങ്കിലും വൈദ്യുത കണക്ഷൻ ലഭ്യമാക്കിയിട്ടില്ല. ഇതിനായി കെ.എസ്.ഇ.ബി. യിൽ 22.09.2014 ന് 23 ലക്ഷം രൂപയും 19.06.2015 ന് 24.10 ലക്ഷം രൂപയും (ആകെ 47.10 ലക്ഷം രൂപ) കേരള വാട്ടർ അതോറിറ്റി അടച്ചിട്ടുണ്ട്. |
| ഡി) | ഈ പദ്ധതിയിൽ നിന്നും ഒറ്റപ്പാലം നിവാസികൾക്ക് എന്ന് കുടിവെള്ളം ലഭ്യമായി തുടങ്ങും എന്ന് വ്യക്തമാക്കാമോ? | (ഡി) | ഒറ്റപ്പാലം അർബൻ ഇൻഫ്രാസ്ട്രക്ചർ ഡവലെപ് മെന്റ് സ്കീം ഫോർ സ്മാൾ & മീഡിയം ടൗൺസ് (UIDSSMT) ഒറ്റപ്പാലം കുടിവെള്ള പദ്ധതി ഡിസംബർ 2015 ൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ